# Kerala Public Works Department , Kerala State Transport Project (KSTP), Project Management Team, Keston Road Kowdiar P.O, Thiruvananthapuram, Kerala – 695 003

## Consultancy services for preparation of Detailed Project Report for 148 km of roads in northern districts of Kerala state-Package 1

1. Edoor – Companynirath – Anapanthy - Angadikkadavu–Vaniyappara - Charal - Valavupara - Kacherikkadavu - Palathumkadav road – 24.45 Km
2. Uruvachal Manakkayi valayal (including bridge parellel to aqueduct at valayal)- Keezhallur Therur Palayod - Vellaparamba Karimbala Colony Maruthaayi road – 20.43 Km
3. Kumbla- badiadka-Mulleria road – 29.55 Km
4. Koyilandy Thamrassery Mukkam Areekode Edavanna road:
    - km: 0.000 to 25.000- Koyilandy to Poonoor:
    - km: 25.000 to 37.500- Poonoor- Omassery
    - km: 37.500 to 51.200 Omassery to Eranhimav
5. Vythiri - Tharuvana Road – 20.75 Km




# TASK B – Disclosure Report– Road No. 1,2,3,4 & 5


FEEDBACK INFRA
Making Infrastructure Happen

February 2021

**Feedback Infra Private Limited**
No: 14, Langford Garden, 1st Floor,
Langford Avenue Lalbagh Road
(near Richmond Circle), Bangalore - 560 025
Ph: 080-42840500

## സാമൂഹിക ആഘാത വിലയിരുത്തലും പുനരധിവാസ പ്രവർത്തന പദ്ധതിയും സംഗ്രഹം

### ആമുഖം

2018 ലെ മൺസൂൺ കാലത്തുണ്ടായ പ്രളയത്തെ തുടർന്ന് കേരളത്തിലെ നിരവധി ജില്ലകളിൽ വ്യാപക മായ വെള്ളപ്പൊക്കത്തിനും ഉരുൾപൊട്ടലിനും കാരണമായി. സംസ്ഥാനത്തെ 5.4 ദശലക്ഷം ആളുകളാണ് വെള്ള പ്പൊക്ക ദുരിതം അനുഭവിച്ചത്.ഇത്തരമൊരു അടിയന്തര സാഹചര്യത്തിലാണ് സംസ്ഥാന പൊതുമരാമത്ത് വകുപ്പു, പുനർനിർമ്മാണ കേരള ഇനിഷ്യേറ്റീവ് (RKI) പദ്ധതിയിലൂടെ വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളും പാല ങ്ങളും നന്നാക്കാൻ അടിയന്തര കർമപദ്ധതി ആവിഷ്കരിച്ചത്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന ഗതാഗത പദ്ധതി (Kerala State Transport Project) പ്രകാരം പ്രളയബാധിത റോഡുകളെക്കുറിച്ച് മുൻഗണനാ പഠനം നടത്തുകയും 60 പ്രളയബാധിത റോഡുകളെ പുനർ നിർമ്മാണത്തിനായി തിരഞ്ഞെടുക്കു കയും ചെയ്തു. എല്ലാ ജില്ലകളും ഉൾക്കൊള്ളുന്ന വടക്ക് നിന്ന് തെക്ക് വരെയുള്ള നാല് പാക്കേജുകളായി തരംതി രിച്ചിട്ടുള്ള 800 കിലോമീറ്റർ റോഡുകൾ വികസിപ്പിക്കുന്നതിന് ലോകബാങ്കും ജൻമൻ ബാങ്കും (കെ.എഫ്.ഡബ്ല്യൂ) ധനസഹായം നൽകുന്നു. കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് ജില്ലകൾ ഉൾക്കൊള്ളുന്ന 149.05 കിലോ മീറ്റർ ദൈർഘ്യമുള്ള അഞ്ച് റോഡുകൾ ഉൾക്കൊള്ളുന്ന പാക്കേജ് ഒന്നിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കാൻ ഫീഡ്ബാക്ക് ഇൻഫ്ര (Feedback Infra Pvt. Ltd.) എഞ്ചിനീയർമാരെ ചുമതലപ്പെടുത്തി, അതിന്റെ ഭാഗമാ യാണ് താഴെ കൊടുത്തിരിക്കുന്ന 'സോഷ്യൽ ഇംപാക്റ്റ് അസസ്മെന്റ് റിപ്പോർട്ട്' തയ്യാറാക്കിയത്.

### പ്രോജക്ടിന് കീഴിൽ ഏറ്റെടുക്കേണ്ട റോഡുകളുടെ പട്ടിക 1

**പട്ടിക 1.1 പാക്കേജ് – 1 ലെ പ്രോജക്റ്റ് റോഡുകളുടെ വിശദാംശങ്ങൾ ചുവടെ**

| ക്രമ സംഖ്യ | ജില്ല | നിയോജകമണ്ഡലം | റോഡിന്റെ പേര് | റോഡിന്റെ ദൈർഘ്യം (കി.മീ) |
|---|---|---|---|---|
| 1 | കണ്ണൂർ | പേരാവൂർ | എടൂർ-കമ്പനി നിരത്ത്-ആനപതി-അങ്ങാടിക്കടവ്-ചരൽ-വളവുപാറ-പാലത്തും കടവ് | 24.450 |
| 2 | മട്ടന്നൂർ | മട്ടന്നൂർ | ഉരുവച്ചാൽ-കീഴല്ലൂർ-മരുതായി | 20.430 |
| 3 | കാസർഗോഡ് | കാസർഗോഡ്, മഞ്ചേശ്വരം | കുമ്പള-ബദിയടുക്ക-മുള്ളേരിയ | 29.550 |
| 4 | കോഴിക്കോട് | കൊയിലാണ്ടി, ബാലുശ്ശേരി, കൊടുവള്ളി, തിരുവമ്പാടി | കൊയിലാണ്ടി-താമരശ്ശേരി-മുക്കം-അരീക്കോട്-എടവണ്ണ | 52.500 |
| 5 | വയനാട് | കൽപ്പറ്റ | വൈത്തിരി-തരുവണ്ണ | 22.120 |
| | | **ആകെ** | | **149.05** |

## Exceutive Summary

1.1 **(സോഷ്യൽ ഇംപാക്റ്റ് അസസ്മെന്റ്)** സാമൂഹിക ആഘാത വിലയിരുത്തലിലൂടെ ഇരുവശങ്ങളിലും താമസിക്കുന്ന ആളുകൾക്ക് ഈ പദ്ധതി എങ്ങനെ നേരിട്ട് സ്വാധീനിക്കുന്നു എന്നറിയാനാകും. ഓരോ ആഘാതത്തിന്റെ അളവിലും വ്യത്യാസം ഉണ്ടാകും. ഇത് ഉപജീവനമാർഗ്ഗത്തെയും സാംസ്കാരിക - പൊതു സ്വത്തവകാശത്തെയും ബാധിക്കുന്നതിനൊപ്പം ജനങ്ങൾക്ക് അവരുടെ ഭൂമിയും സ്വത്തും നഷ്ടപ്പെടുന്നു. പദ്ധതി ബാധിതരുടെ സാമൂഹിക-സാമ്പത്തിക, സാംസ്കാരിക മേഖലകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ചുള്ള അറിവ് അനുരഞ്ജനത്തിനും പുനരധിവാസ പാക്കേജുകൾ നിർദ്ദേശിക്കുന്നതിനും ശുപാർശ ചെയ്യുന്നതിനും കൂടാതെ വിപരീത ഫലങ്ങൾ തിരിച്ചറിയാനും സഹായിക്കും.

1.2 **രണ്ടാംഘട്ട ഭൂമി ഏറ്റെടുക്കൽ**

റോഡ് വികസനത്തിന് ആവശ്യമായ സർക്കാർ ഭൂമി മാത്രം ഏറ്റെടുത്തു കൊണ്ട് ഈ റോഡ് പദ്ധതി നടപ്പിലാക്കാനാണ് കെ എസ് ടി പി തീരുമാനിച്ചിരിക്കുന്നത്. റോഡ് വികസനം നടപ്പിലാക്കുന്ന ഭാഗത്തിനുവേണ്ടിയുള്ള ഭൂമിയേറ്റെടുക്കൽ, പദ്ധതി ബാധിക്കുന്ന ആളുകളുടെ മേലുള്ള ആഘാതം എന്നിവ പരിഗണിച്ചാണ് ഈ സാമൂഹിക ആഘാത നിർണയം (രണ്ടാം ഭാഗം) നടത്തിയിരിക്കുന്നത്. 100 ശതമാനം പ്രാഥമിക സർവേ, ആഘാതത്തിന്റെ അളവും സംസ്ഥാനത്ത് നില നിൽക്കുന്ന ഉചിതമായ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങളും അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ (Resettlement Action Plan) പുനരധിവാസപദ്ധതിരേഖ, സാമൂഹികാഘാത പഠനം എന്നിവയുടെ അടിസ്ഥാനത്തിലാണ് ജനങ്ങളുടെ മേലുള്ള ആഘാതപഠനം തയ്യാറാക്കുന്നത്.

1.3 **നിയമ, നയ ചട്ടക്കൂട്**

ഈ പദ്ധതി പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരം, ഭൂമി ഏറ്റെടുക്കുന്നതിലെ സുതാര്യത, പുനരധിവാസം, ഒത്തുതീർപ്പ് നിയമം (RFCTLARR), ലോക ബാങ്ക് സുരക്ഷാ നയം (ഒപി 4.12) എന്നിവയ്ക്ക് അനുസൃതമായി മാത്രമേ നടത്തുകയുള്ളൂ.

1.4 **അവകാശ പട്ടിക**

മേൽപ്പറഞ്ഞവയെ അടിസ്ഥാനമാക്കി, ചുവടെ കൊടുത്തിട്ടുള്ള വിഭാഗങ്ങൾക്കായി ഒരു അവകാശ പട്ടിക തയ്യാറാക്കി.

1. പൂർണ്ണമായോ ഭാഗികമായോ നഷ്ടപ്പെട്ട ഭൂമിയുടെ ഔദ്യോഗിക അവകാശികൾ.
2. ഭൂമി നഷ്ടപ്പെട്ടവരും അത്തരം ഭൂമിക്ക് നിയമപരമായ അവകാശങ്ങളില്ലാത്തവരും (ഉടമസ്ഥർ അല്ലത്തവർ), എന്നാൽ ദേശീയ/സംസ്ഥാന നിയമങ്ങൾ പ്രകാരം അംഗീകരിക്കപ്പെട്ടവർ.

പദ്ധതിബാധിത പ്രദേശങ്ങളിൽ താമസിക്കുന്ന ഉടമകൾ അല്ലാത്തവർക്ക് നഷ്ടപരിഹാരത്തിന് അർഹതയില്ല. എന്നിരുന്നാലും പദ്ധതി നടപ്പാക്കുന്നതിന് മുമ്പായി അവർക്ക് സ്ഥലം വിട്ടുനൽകുന്നതിനും കെട്ടിട നിർമ്മിതികൾ പൊളിക്കുന്നതിനും മതിയായ മുന്നറിയിപ്പ് (60 ദിവസം മുൻകൂട്ടിയുള്ള) നൽകും. ലൈസൻസുള്ളതും ലൈസൻസില്ലാതത്തതുമയ വസ്തു ഉടമകളെയും ഉടമസ്ഥാവകാശം ഉള്ളവരെയും ഇല്ലാത്തവരെയും പദ്ധതി വേർതിരിക്കും. കുടി ഒഴിക്കൽ നേരിടേണ്ടിവന്നവർ ഇനിപ്പറയുന്ന ആറ് തരത്തിലുള്ള നഷ്ടപരിഹാര, സഹായ പദ്ധതികൾക്ക് അർഹരാണ്.

Exceutive Summary

1. ഭൂമി, വിളകൾ/മരങ്ങൾ നഷ്ടപ്പെടുന്നതിനുള്ള നഷ്ടപരിഹാരം, നിർമ്മിതികൾക്കും (വീടുകൾ/വാണിജ്യ) മറ്റ് സ്ഥാവര ആസ്തികൾക്കും ഉള്ള നഷ്ടപരിഹാരം.
2. തൊഴിൽ/വേതന വരുമാനം നഷ്ടപ്പെടുന്നവർക്ക് സഹായം
3. വീടുകളിൽ നിന്നു കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് വീടിന് പകരമായി ഇതര ഭവനമോ പണമോ
4. സ്ഥാവരജംഗമ വസ്തുക്കൾ മാറ്റുന്നതിനുള്ള സഹായം (ആവശ്യമെങ്കിൽ), കൂടാതെ
5. സാമൂഹിക സ്ഥാപനങ്ങൾ/പൊതുനിർമ്മിതികൾ പുനർനിർമ്മിക്കുന്നതിനോ പുനരാരംഭിക്കുന്നതിനോ യുള്ള സഹായം.

2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം, ടി നിയമത്തിന്റെ ചട്ടങ്ങൾ, കേരള സർക്കാർ ഉത്തരവ് ജി.ഒ (എം.എസ് നമ്പർ)448/2017/ആർ.ഡി തീയതി തിരുവനന്തപുരം 29/12/2017, ലോക ബാങ്ക് നയ മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ് വിവിധ വിഭാഗങ്ങൾക്കായി അർഹമായ അവകാശ പട്ടിക/പുനരധിവാസ പാക്കേജ്, ചട്ടക്കൂട് രൂപകൽപ്പന ചെയ്തിട്ടുള്ളത്. അവരുടെ താൽപ്പര്യങ്ങൾ പരിരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ഇല്ലെങ്കിൽ, അവരുടെ പരാതികൾ ഉചിതമായ അധികാരികൾക്ക് സമർപ്പിക്കുന്നതിനും ഉചിതമായ സമയത്ത് അത് പരിഹരിക്കുന്നതിനും അവകാശ പട്ടിക ദുരിത ബാധിതരെ അറിയിക്കും. ഉടമസ്ഥാവകാശം ഉള്ളവർക്കും ഇല്ലാത്തവർക്കും അവരുടെ യോഗ്യത അനുസരിച്ച് നഷ്ടപരിഹാരം നൽകുകയും ചുവടെ സംഗ്രഹിച്ചിരിക്കുന്ന അവകാശ പട്ടിക ടി കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്യും.

പട്ടിക 1.2 പുനരധിവാസ പാക്കേജ് (ആർ എഫ് സി ടി എൽ എ ആർ ആർ നിയമം 2013, കേരള സർക്കാർ ഉത്തരവ് ജി.ഒ (എം.എസ് നമ്പർ)448/2017/ആർ.ഡി തീയതി തിരുവനന്തപുരം 29/12/2017 & ലോക ബാങ്ക് നയം അനുസരിച്ച്)

| ക്രമ സംഖ്യ | ബാധിക്കുന്ന വിഭാഗം | നഷ്ടപരിഹാരം | | നടപ്പാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ |
|---|---|---|---|---|
| ഭാഗം 1 പട്ടയ ഉടമകൾ – സ്വകാര്യ ഭൂമി നഷ്ടമാകുന്നതിനുള്ള നഷ്ടപരിഹാരം | | | | |
| 1. | ഭൂമിയുടെ നഷ്ടം (കാർഷിക ഭൂമി, വീട്, കടകൾ, വാണിജ്യ സ്ഥാപനങ്ങൾ, ഭൂമിയുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും ആസ്തികൾ) | 1.1 | ഭൂമിക്കു പകരമായി തുല്യ നഷ്ടപരിഹാരം അല്ലെങ്കിൽ സാധ്യമായ സ്ഥലത്തു പകരം വസ്തു | അധികാരപ്പെട്ട ഏജൻസി RFCTLARR നിയമം, 2013 പ്രകാരം ഭൂമി ഏറ്റെടുക്കും.<br><br>ഭൂമിക്കുള്ള നഷ്ടപരിഹാര തുക<br>i. 1899 ലെ ഇന്ത്യൻ സ്റ്റാറ്റസ് നിയമപ്രകാരം ഭൂമിവില്പനകരാറോ ഭൂമി വില്പന രജിസ്റ്റർ ചെയ്യുന്നതിനോ ആയി വില നിശ്ചയിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ<br>ii. സമീപ ഗ്രാമത്തിലുള്ളതോ സമീപ പ്രദേശത്തുള്ളതോ ആയ സമവും സമാനവും |

| | | | | |
|---|---|---|---|---|
| | | | | ആയ ഭൂമിയുടെ ശരാശരി വിൽപന വില, അല്ലെങ്കിൽ 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം രണ്ടാം അനുച്ഛേദത്തിൽ പറയുന്ന പോലെ കഴിഞ്ഞ 3 വർഷങ്ങളിൽ നടന്ന ഏറ്റവും ഉയർന്ന വിൽപന കരാറുകളിൽ 50 ശതമാനത്തിൽ നിന്നും കണക്കുകൂട്ടി യെടുത്തത്.<br>അല്ലെങ്കിൽ<br>iii. പൊതു സ്വകാര്യ സംരംഭങ്ങൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ നിശ്ചയിക്കപ്പെട്ട വില കൂടാതെ സ്ഥലവിലയുടെ 100% കൂടി സമാശ്വാസ സഹായം ആയി ലഭിക്കും.<br>ഭൂമി ഏറ്റെടുക്കൽ വിജ്ഞാപനം വരുന്ന തീയതി മുതൽ 12 ശതമാനം പലിശയും ലഭിക്കും.<br>ഗ്രാമീണ മേഖലയിലെ ഭൂമിക്കായി ഇന്ത്യ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള ഗുണിത ഘടകം നഗര പ്രദേശത്തിൽ നിന്നുമുള്ള ദൂരത്തെ അടിസ്ഥാനപ്പെടുത്തി ബാധകമാകും.<br>ഭൂമിയുടെ ഒരു ഭാഗത്തെ മാത്രമാണ് ബാധിക്കുന്നതെങ്കിലും ബാക്കി ഭാഗം ലാഭമില്ലാത്തതോ ഭൂമിയേറ്റെടുക്കൽ മൂലം മുറിഞ്ഞു പോകുകയോ ഉപയോഗശൂന്യമാകുകയോ ചെയ്യുന്ന സാഹചര്യത്തിൽ ബാക്കി ഭാഗം കൂടി ഏറ്റെടുക്കണമെന്ന് ഭൂഉടമ ആവശ്യപ്പെട്ടാൽ ആ ഭാഗത്തിന് 2013 ലെ നിയമ പ്രകാരമുള്ള അധിക വില നൽകി അധികാരപ്പെട്ട ഏജൻസിക്ക് ആ ഭാഗം കൂടി ഏറ്റെടുക്കാം. അതിനായി പുതിയ ഭൂമിയേറ്റെടുക്കൽ പ്രക്രിയ |

| | | | | |
|---|---|---|---|---|
| | | | | ആരംഭിക്കേണ്ടതില്ല.<br>ഭൂമി/കെട്ടിടം എന്നിവയുമായി ചേർന്നുള്ള ആസ്തികളുടെ മൂല്യം മരം കാർഷിക വിളകൾ തുടങ്ങിവയയ്ക്കുള്ള നഷ്ടപരിഹാരം<br>RFCTLARR നിയമം, 2013 സെക്ഷൻ 29(3) പ്രകാരം ധന നഷ്ടപരിഹാരം നിർണയിക്കുന്നത്.<br>1. തടിമരങ്ങൾക്ക് വനം വകുപ്പ്<br>2. കാർഷിക വിളകൾക്ക് സംസ്ഥാന കാർഷിക വകുപ്പ്<br>3. വാർഷിക മരങ്ങൾ, പൂന്തോട്ടങ്ങൾ എന്നിവ ഹോർട്ടികൾച്ചർ വകുപ്പ്<br>4. മരങ്ങൾ, കാർഷിക വിളകൾ, വാർഷിക മരങ്ങൾ എന്നിവയുടെ നഷ്ടത്തിന് വിപണി വില അനുസരിച്ച് പട്ടയ ഉടമയ്ക്കും ഭൂമി കൈവശം വയ്ക്കുന്ന ആളിനും നഷ്ടപരിഹാരമായി പണം നൽകും.<br>വിളവെടുക്കുന്നതിനായി മൂന്ന് മാസത്തെ മുൻകൂർ അറിയിപ്പ് നൽകും. നിലവിലെ വിളകളുടെ കാര്യത്തിൽ വിളവെടുക്കുന്നതിനായി മൂന്ന് മാസത്തെ മുൻകൂർ നോട്ടീസ് അല്ലെങ്കിൽ മുൻപറഞ്ഞത് പോലെയുള്ള നഷ്ടപരിഹാരമോ ബാധിതർക്ക് ലഭിക്കും. |
| 2. | സ്ഥാവര വസ്തുക്കളുടെ നഷ്ടം (വീട്, കട, കെട്ടിടം അല്ലെങ്കിൽ നീക്കാൻ ആകാത്ത വസ്തു) | 2.1 | പുനർനിർമ്മിക്കുന്നതിനുള്ള ചെലവ് നഷ്ടപരിഹാരമായി നൽകുന്നു. | കെട്ടിടങ്ങളുടെയും മറ്റ് സ്ഥാവര വസ്തുക്കളുടേയും വിപണി വില പ്രസക്തമായ അടിസ്ഥാന നിരക്കുകളുടെ പട്ടികയെ (എസ്.ആർ) അടിസ്ഥാനപ്പെടുത്തി തേയ്മാനം കണക്കിലെടുക്കാതെ നിർണയിക്കും.<br>കൂടെ 100 ശതമാനം പണം സമാശ്വാസ സഹായമായി നൽകും. |

| | | | | |
|---|---|---|---|---|
| | | | | ഭാഗികമായി ബാധിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ ബാധിക്കാത്ത ഭാഗം ഉപയോഗശൂന്യമാകുമെങ്കിൽ മുഴുവൻ കെട്ടിടത്തിനും നഷ്ടപരിഹാരം ആവശ്യപ്പെടാനുള്ള അവകാശം പദ്ധതി ബാധിതർക്കുണ്ട്. |
| ഭാഗം 2 പുനരധിവാസവും മാറ്റി സ്ഥാപിക്കലും-പ്രാഥമിക ഉപജീവന മാർഗമായി ഏറ്റെടുക്കുന്ന ഭൂമിയെ ആശ്രയിക്കുന്ന ഭൂഉടമകൾക്കും കുടുംബങ്ങൾക്കും | | | | |
| 3. | ഭൂമി നഷ്ടമാകുക | 3.1 | ടി പദ്ധതി പ്രകാരം തൊഴിൽ സൃഷ്ടിക്കപ്പെടുന്നുണ്ടെങ്കിൽ പദ്ധതി ബാധിക്കുന്ന കുടുംബത്തിലെ ഒരു അംഗത്തിനെങ്കിലും ആ പദ്ധതിയിൽ അല്ലെങ്കിൽ സമാനമായ പദ്ധതിയിൽ തൊഴിൽ നൽകും. ആവശ്യമെങ്കിൽ വേണ്ട പരിശീലനവും നൈപുണ്യ വികസനവും നൽകിയശേഷം മിനിമം വേജിനെക്കാൾ കുറയാത്ത ശമ്പളത്തിൽ നിയമിക്കുക.<br>അല്ലെങ്കിൽ<br>ബാധിക്കപ്പെട്ട ഓരോ കുടുംബത്തിനും 500000 രൂപ ഒറ്റത്തവണയായി നൽകും.<br>അല്ലെങ്കിൽ<br>കാർഷിക തൊഴിലാളികൾക്കു വേണ്ടിയുള്ള കൺസ്യൂമർപ്രൈസ് ഇൻഡെക്സ് (സി.പി.ഐ.എ.എൽ) ഉണ്ടാകുന്ന വ്യതിയാനങ്ങളും കൂടി കണക്കിലെടുത്തു 20 വർഷത്തേയ്ക്ക് പ്രതിമാസം 3000 രൂപയിൽ കുറയാത്ത തുക അന്വുറ്റി നയം അനുസരിച്ച് ലഭിക്കും. | അന്വുറ്റി അല്ലെങ്കിൽ തൊഴിൽ തെരഞ്ഞെടുക്കാം. |
| | | 3.2 | പദ്ധതി കാരണം മാറി താമസിക്കേണ്ടി വരുന്ന കുടുംബങ്ങൾക്ക് ഒരു | കേരള സംസ്ഥാനത്തിന്റെ ആർ ആന്റ് ആർ വ്യവസ്ഥകൾ പ്രകാരം |

| | | | | |
|---|---|---|---|---|
| | | | വർഷത്തേയ്ക്ക് മാസം 5000 രൂപ വച്ച് ഉപജീവന സഹായം നൽകും. അത് കൂടാതെ സ്ഥലം മാറ്റപ്പെടുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരെ അവരുടെ സംസ്കാരം സംരക്ഷിക്കുന്നതിനു വേണ്ടി സമാനമായ പാരിസ്ഥിതിക മേഖലയിലേയ്ക്ക് മാറ്റി പാർപ്പിക്കും. | |
| | | 3.3 | പദ്ധതി കാരണം താമസം മാറ്റേണ്ടി വരുന്നവർക്ക് കുടുംബം, കെട്ടിടം, വസ്തുക്കൾ, കന്നുകാലികൾ എന്നിവയെ പുതിയ സ്ഥാലത്തേക്ക് കൊണ്ടു പോകുന്നതിനായുള്ള ചിലവായി 50000 രൂപ നൽകും. | |
| | | 3.4 | തൊഴുത്ത്, പെറ്റിഷോപ്പ് എന്നിവ നഷ്ടമാകുന്നവർക്ക് 25000 രൂപയിൽ കുറയാത്തതും പരമാവധി 50000 രൂപ വരെയും ഒറ്റത്തവണ സാമ്പത്തിക സഹായം ലഭിക്കും. | സംസ്ഥാന സർക്കാരിന്റെ ജി. ഒ. പ്രകാരം കോമേഴ്സ്യൽ കിയോസ്കുകളും വെണ്ടർമാരും പെറ്റി ഷോപ്പിന്റെ പരിധിയിൽ വരും.<br>ഭൂമി ഏറ്റെടുക്കൽ നിർവഹണ ഉദ്യോഗസ്ഥർപദ്ധതിബാധിതരുമായി നടത്തുന്ന കൂടിക്കാഴ്ചയുടെയും വിലയിരുത്തലിന്റെയും അടിസ്ഥാനത്തിൽ ധനസഹായം നിർണ്ണയിക്കും.<br>സ്ഥിരവും അർദ്ധ-സ്ഥിരവുമായ നിർമ്മാണം, താൽക്കാലിക ഷെഡ് തൊഴുത്ത് എന്നത് അർത്ഥമാക്കുന്നു. |
| | | 3.5 | മാറിതാമസിക്കേണ്ടി വരുന്ന പദ്ധതി ബാധിതരായ കുടുംബങ്ങൾക്ക് ഒറ്റത്തവണ പുനരധിവാസ അലവൻസായി 50000 രൂപ ലഭിക്കും. | |
| 4. | പാർപ്പിടം നഷ്ടമാകുക | 4.1 | PMAYG നിബന്ധനകൾ അനുസരിച്ച് ഗ്രാമീണ മേഖലയിൽ പകരം വീട്, നഗരങ്ങളിൽ കുറഞ്ഞത് | മാറി താമസിക്കേണ്ടി വരുന്നവർക്ക് പകരം വീട്, പരിഷ്കരിച്ച PMAYG പ്രകാരം ഗ്രാമീണ മേഖലയിൽ നിർമ്മാണം |

| | | | | |
|---|---|---|---|---|
| | | | 50 സ്ക്വയർ മീറ്റർ കുറയാതെ ഉള്ള വീട് /ഫ്ളാറ്റ്<br>നഗര/ഗ്രാമീണ മേഖലകളിൽ പകരം നൽകുന്ന വീട് സ്വീകരിക്കാത്ത കുടുംബങ്ങൾക്ക് ഒറ്റത്തവണ സാമ്പത്തിക സഹായം നൽകും. അവരുടെ വാർഷിക സാമ്പത്തിക വരുമാനം പരിഗണിക്കാതെ 3,00,000 (മൂന്ന് ലക്ഷം) രൂപയിൽ കുറയാത്ത തുക നൽകും. | പൂർത്തിയാക്കിയ വീടും നഗര മേഖലകളിൽ 50 സ്ക്വയർ മീറ്റർ കുറയാതെ വലിപ്പമുള്ള വീട് / ഫ്ളാറ്റ് അല്ലെങ്കിൽ വീടിന് പകരം പണം ആവശ്യപ്പെട്ടാൽ 300000 രൂപ നൽകും. മുകളിൽപ്പറഞ്ഞ ആനുകൂല്യങ്ങൾ വീടും പറമ്പും ഇല്ലാത്തതും പദ്ധതി ബാധിത പ്രദേശത്ത് നോട്ടിഫിക്കേഷൻ തീയതിയ്ക്ക് മുമ്പ് കുറഞ്ഞത് മൂന്ന് വർഷത്തിൽ കുറയാതെ വസിക്കുന്നതും സ്വമേധയല്ലാതെ താമസം മാറേണ്ടി വരുന്നതുമായ ഏതൊരു ബാധിത കുടുംബത്തിനും ലഭിക്കും.<br>വസിക്കുന്നതിനും വാണിജ്യപരവുമായ ആവശ്യങ്ങൾക്കും ഉപയോഗിക്കുന്ന നിർമ്മിതകളുടെ ഉടമകൾക്കും പട്ടയമില്ലാത്ത കാറ്റഗറികളിലും ലഭിക്കും. |
| | | 4.2 | പദ്ധതിമൂലം തൊഴിൽ സൃഷ്ടിക്കപ്പെടുന്നുണ്ടെങ്കിൽ പദ്ധതി ബാധിത കുടുംബങ്ങളിൽ ഏറ്റവും കുറഞ്ഞത് ഒരു അംഗത്തിന് പദ്ധതിയിൽ ജോലി അല്ലെങ്കിൽ സമാനമായ പദ്ധതിയിൽ ജോലി ശരിയാക്കി നൽകും. ആവശ്യം വേണ്ട പരിശീലനവും നൈപുണ്യ വികസനവും നൽകിയശേഷം മിനിമം വേജസിൽ കുറയാത്ത നിരക്കിൽ ശമ്പളം ലഭ്യമാക്കും.<br>അല്ലെങ്കിൽ<br>ഓരോ ബാധിത കുടുംബത്തിനും ഒറ്റത്തവണയായി 500000 ലക്ഷം രൂപ നൽകും.<br>അല്ലെങ്കിൽ<br>കർഷക തൊഴിലാളികൾക്കുള്ള ഉപഭോക്തൃസൂചികയിൽ വരുന്ന മാറ്റത്തിനനുസരിച്ച് 20 വർഷത്തേക്ക് | |

| | | | | |
|---|---|---|---|---|
| | | | മാസം 2000 രൂപ വച്ച് നൽകുന്ന അന്വൂറ്റി പോളിസി സ്വീകരിക്കാം | |
| | | 4.3 | പദ്ധതി മൂലം മാറി താമസിക്കേണ്ടി വരുന്ന കുടുംബത്തിന് ഒരു വർഷ ത്തേയ്ക്ക് മാസം തോറും 5,000 രൂപ യുടെ ധനസഹായം. | |
| | | 4.4 | പദ്ധതി മൂലം മാറിപ്പോകേണ്ടി വരുന്ന കുടുംബങ്ങൾക്ക് 50,000 രൂപ ട്രാൻസ് പോർട്ടേഷൻ ധനസഹായം | |
| | | 4.5 | തൊഴുത്ത് അല്ലെങ്കിൽ പെറ്റി ഷോപ്പ് നഷ്ടപ്പെടുന്ന ഓരോ ബാധിത കുടും ബത്തിനും ഒറ്റത്തവണ സാമ്പത്തിക സഹായമായി ഏറ്റവും കുറഞ്ഞത് 25,000 രൂപ മുതൽ പരമാവധി 50,000 രൂപ വരെ പുതിയ തൊഴുത്ത് അല്ലെങ്കിൽ പെട്ടിക്കട നിർമ്മിക്കുന്ന തിന് ലഭിക്കും | ബിസിനസ് നടത്തുന്ന കോമേഴ്സ്യൽ കിയോ സ്ക്, വെണ്ടർ എന്നിവ പെറ്റി ഷോപ്പിൽ ഉൾപ്പെടും. പെറ്റി ഷോപ്പ് വിഭാഗത്തിൽ ധനസ ഹായം കിയോസ്കുകൾക്കും വെണ്ടർക്കും ധനസഹായം. ഭൂമി ഏറ്റെടുക്കലിന് നിയോഗി ക്കപ്പെട്ട ഉദ്യോഗസ്ഥർ പദ്ധതി ബാധിതരുമായി കൂടിയാലോചനകൾ നടത്തുകയും സാമ്പ ത്തിക സഹായം നിർണ്ണയിക്കുകയും ചെയ്യും. ഏതൊരു സ്ഥിര, അർദ്ധ-സ്ഥിര നിർമ്മിതി അല്ലെങ്കിൽ ദീർഘകാലത്തേക്ക് കന്നുകാലി കളെ സൂക്ഷിക്കുന്നതിനായി നിർമ്മിച്ച താൽക്കാലിക ഷെഡ് എന്നിവ തൊഴുത്തിന്റെ പരിധിയിൽപ്പെടുന്നു. |
| | | 4.7 | ഭൂമിയേറ്റെടുക്കൽ മൂലം ബാധിത പ്രദേ ശങ്ങളിൽ സ്വമേധയാ അല്ലാതെ മാറി താമസിക്കേണ്ടി വരുന്ന കരകൗശല വിദഗ്ദ്ധൻ, ചെറുകിട വ്യാപാരികൾ, സ്വയം തൊഴിൽ ചെയ്യുന്നവർ എന്നിവ രുടെ ബാധിത കുടുംബത്തിന് അല്ലെ ങ്കിൽ കാർഷികേതര, വാണിജ്യ, വ്യാ പാര അല്ലെങ്കിൽ സ്ഥാപന നിർമ്മിതി യുടെ ഉടമകളായ ബാധിത കുടുംബ ത്തിന് ഒറ്റത്തവണ സാമ്പത്തിക സഹാ യമായി 50,000/- രൂപ ലഭിക്കും. | |

| | | | | |
|---|---|---|---|---|
| | | 4.9 | ബാധിക്കപ്പെട്ട വസ്തുക്കളെ തിരികെ എടുക്കുവാനുള്ള അവകാശം | |
| 5 | കട വ്യാപാരം വാണിജ്യ കെട്ടിടങ്ങൾ നഷ്ടമാകുക | 5.1 | പദ്ധതിമൂലം തൊഴിൽ സൃഷ്ടിക്കപ്പെടുന്നുണ്ടെങ്കിൽ ബാധിത കുടുംബങ്ങളിൽ ഏറ്റവും കുറഞ്ഞത് ഒരു അംഗത്തിന് പദ്ധതിയിൽ ജോലി അല്ലെങ്കിൽ അത്തരമൊരു പദ്ധതിയിൽ ജോലി ശരിയാക്കി നൽകും. ആവശ്യം വേണ്ട രംഗത്ത് പരിശീലനവും നൈപുണ്യ വികസനവും നൽകിയ ശേഷം മിനിമം വേജസിൽ കുറയാത്ത നിരക്കിൽ ശമ്പളം ലഭ്യമാക്കും.<br>അല്ലെങ്കിൽ<br>ബാധിക്കപ്പെട്ട ഓരോ വീടുകൾക്കും 5,00,000/- രൂപ ഒറ്റത്തവണയായി നൽകും അല്ലെങ്കിൽ<br>കർഷക തൊഴിലാളികൾക്കുള്ള ഉപഭോക്തൃസൂചികയിൽ വരുന്ന മാറ്റത്തിനനുസരിച്ചു 20 വർഷത്തേക്ക് പ്രതിമാസം 3,000 രൂപയിൽ കുറയാത്ത തുക അന്വുറ്റി നയം അനുസരിച്ച് ലഭിക്കും. | |
| | | 5.2 | പദ്ധതി മൂലം മാറി താമസിക്കേണ്ടി വന്ന ബാധിത കുടുംബത്തിന് ഒരു വർഷത്തേക്ക് മാസം 5,000 ഇനത്തിൽ 60,000 രൂപയുടെ ധനസഹായം. | |
| | | 5.3 | പദ്ധതി മൂലം മാറിപ്പോകേണ്ടി വരുന്ന കുടുംബങ്ങൾക്ക് 50,000 രൂപ ട്രാൻസ്പോർട്ടേഷൻ ധനസഹായം. | |
| | | 5.4 | മാറിത്താമസിക്കേണ്ടി വരുന്ന കരകൗശല വിദഗ്ദ്ധന്റെ അല്ലെങ്കിൽ സ്വയം തൊഴിൽ ചെയ്യുന്ന ആളുടെ അല്ലെങ്കിൽ ചെറുകിട വ്യാപാരിയുടെ കുടും | |

| | | | | |
|---|---|---|---|---|
| | | | ബത്തിന് 50,000 രൂപയുടെ ഒറ്റത്തവണ പുനരധിവാസ ധനസഹായം. | |
| | | 5.5 | ബാധിക്കപ്പെടുന്ന കുടുംബത്തിന് 50,000 രൂപയുടെ ഒറ്റത്തവണ പുനരധിവാസ ധനസഹായം. | |
| | വാണിജ്യ വാടകക്കാരൻ | 5.8 | സ്ഥലം മാറ്റുന്നതിനുള്ള ചെലവുകൾക്കും സാമൂഹിക ചെലവുകൾക്കുമായി ഒറ്റത്തവണ സാമ്പത്തിക സഹായമായി 2,00,000 രൂപ. 2000 സ്ക്വയർ ഫീറ്റിന് മുകളിൽ കാർപറ്റ് ഏരിയ വരുന്ന വലിയ കമ്പനികൾ, ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, വലിയ കടകൾ എന്നിവയ്ക്ക് ഇത് ബാധകമല്ല. | സംസ്ഥാനത്തിന്റെ R&R വ്യവസ്ഥകൾ |
| | വാണിജ്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർ | 5.9 | ഏറ്റെടുക്കലിന് മുമ്പ് മൂന്ന് വർഷത്തിൽ അധികം ആ വാണിജ്യ സ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്നതും ഏറ്റെടുക്കൽ ജീവിത മാർഗത്തെ ബാധിച്ചതുമായ ജീവനക്കാർക്ക് ആറ് മാസത്തേക്ക് 6000 രൂപ ഇനത്തിൽ 36,000 രൂപ ലഭിക്കും | സംസ്ഥാനത്തിന്റെ R&R വ്യവസ്ഥകൾ |
| | വീട്ടു വാടകക്കാർ | 5.10 | സ്ഥലം മാറുന്നതിനുള്ള ഒറ്റത്തവണ ധനസഹായമായി 30,000/- രൂപ | സംസ്ഥാനത്തിന്റെ R&R വ്യവസ്ഥകൾ |
| ഭാഗം III കുടിയാൻമാർക്കും കൈയേറ്റക്കാർക്കുമുള്ള ആഘാതം | | | | |
| 6 | കുടിയാൻമാർക്കുള്ള ആഘാതം (താമസ സ്ഥലമോ ഉപജീവന മാർഗമോ നഷ്ടമാകുന്നുണ്ടെങ്കിൽ) | 6.1<br>6.1.1 | വീട് നഷ്ടമാകുക<br>ഒരു മാസത്തെ നോട്ടീസ് നൽകി നിർമ്മിതി പൊളിച്ചു മാറ്റും ഷെഡ്യൂൾഡ് നിരക്ക് പ്രകാരം നിർമ്മിതിക്ക് തേയ്മാനം കണക്കിലെടുക്കാതെ നഷ്ടപരിഹാരം നൽകും | ഏറ്റെടുക്കുന്ന ഭൂമിയിൽ വസിച്ചിരുന്ന കുടിയാൻമാർക്ക് മാത്രം എല്ലാ ധനസഹായവും ലഭിക്കും. |
| | | 6.1.2 | ബാധിക്കപ്പെട്ട വസ്തുക്കളെ വീണ്ടെടുക്കാനുള്ള അവകാശം | |
| | | 6.1.3 | വീടില്ലാതത്തും മാറി താമസിക്കേണ്ടി | |

| | | | | |
|---|---|---|---|---|
| | | | വരുന്നതുമായ എല്ലാവർക്കും വീട് നിർമ്മിക്കുന്നതിന് 3,00,000 രൂപ യുടെ ധനസഹായം. | |
| | | 6.1.4 | ഒറ്റത്തവണ ധനസഹായമായി 30,000/- രൂപ | |
| | | 6.2<br>6.2.1 | കട നഷ്ടപ്പെടുന്നവർക്ക്<br>ഒരു മാസത്തെ അറിയിപ്പ് നൽകി നിർമ്മിതി പൊളിച്ചു മാറ്റും. ഷെഡ്യൂൾഡ് നിരക്ക് പ്രകാരം നിർമ്മിതിക്ക് തേയ്മാനം കണക്കിലെടുക്കാതെ നഷ്ടപരിഹാരം നൽകും | അവിടെ വ്യാപാരം നടത്തുന്ന നേരിട്ട് ബാധിക്കുന്ന കുടിയാന് മാത്രമാണ് എല്ലാ സഹായങ്ങൾക്കുമുള്ള അർഹത.<br>ഭൂമിയേറ്റെടുക്കൽ നോട്ടിഫിക്കേഷന് മുമ്പ് മൂന്ന് വർഷത്തിൽ അധികമായി പുറംമ്പോക്ക് ഭൂമിയിൽ വ്യാപാരം ചെയ്യുന്ന കൈയേറ്റക്കാർ. |
| | | 6.2.2 | പൊളിച്ച കെട്ടിട ഭാഗങ്ങൾ വീണ്ടെടുക്കാനുള്ള അവകാശം | |
| | | 6.3 | കിയോസ്കുകൾ/ തെരുവ് കച്ചവടക്കാർ<br>വ്യാപാരം തുടരുന്നതിനായി സമീപ പ്രദേശത്തേക്ക് മാറുന്നതിനായി ഒരു മാസത്തെ മുൻകൂർ നോട്ടീസ് | വ്യാപാരം നടത്തുന്ന വാണിജ്യ കിയോസ്കുകളും വെണ്ടർമാരും പെറ്റി ഷോപ്പിൽ ഉൾപ്പെടുന്നു. ഏറ്റവും കുറഞ്ഞത് ഇരുപത്തി അയ്യായിരം രൂപയുടെ മുതൽ പരമാവധി അമ്പതിനായിരം രൂപയുടെ വരെ ഒറ്റത്തവണ ധനസഹായം നൽകും. പെറ്റി ഷോപ്പ് വിഭാഗത്തിൽ ധനസഹായം, കിയോസ്കുകൾക്കും വെണ്ടർക്കും ലഭിക്കുന്നതിനുള്ള ധനസഹായം, ഭൂമി ഏറ്റെടുക്കലിന് നിയോഗിക്കപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർ അവിടെ താമസിക്കുന്ന കുടുംബങ്ങളുമായി കൂടിയാലോചനകൾ നടത്തുകയും സാമ്പത്തിക സഹായം നിർണ്ണയിക്കുകയും ചെയ്യും. |
| | | 6.4<br>6.4.1 | കൃഷി<br>നിലവിലെ വിള വിളവെടുക്കുന്നതിന് മൂന്ന് മാസത്തെ നോട്ടീസ് അല്ലെങ്കിൽ നിലവിലുള്ള വിളയ്ക്ക് വിപണി വില നഷ്ടപരിഹാരം | |
| 7 | കയ്യേറ്റക്കാർക്കുള്ള ആഘാതം | 7.1<br>7.1.1 | കൃഷി<br>നിലവിലെ വിള വിളവെടുക്കുന്നതിന് | കാർഷിക അല്ലെങ്കിൽ ഹോർട്ടികൾച്ചർ വകുപ്പുമായുള്ള ആശയ വിനിയമയത്തിനു ശേഷം |

| | | | | |
|---|---|---|---|---|
| | | | മൂന്ന് മാസത്തെ നോട്ടീസ് അല്ലെങ്കിൽ നോട്ടീസ് നൽകിയില്ലെങ്കിൽ നിലവിലുള്ള വിളയ്ക്ക് വിപണി വില നഷ്ടപരിഹാരം | നിലവിലെ വിളകളുടെ നാശനഷ്ടത്തിനുള്ള വിപണി മൂല്യം നിശ്ചയിക്കും. |
| | | 7.2<br>7.2.1 | നിർമ്മിതി<br>കൈയ്യേറ്റ നിർമ്മിതി പൊളിക്കുന്നതിന് ഒരു മാസത്തെ നോട്ടീസ് | |
| | | 7.2.2 | നിർമ്മിതിയിൽ ബാധിക്കപ്പെട്ട ഭാഗത്തിന് ഷെഡ്യൂൾഡ് നിരക്കിൽ ഡിപ്രീസിയേഷൻ പരിഗണിക്കാതെ നഷ്ടപരിഹാരം | ഡിപ്രീസിയേഷൻ (കാലപ്പഴക്കം) കണക്കിലെടുക്കാതെ അടിസ്ഥാന നിരക്ക് പട്ടിക (scheduled rate) പ്രകാരം വാണിജ്യ നിർമ്മിതികളുടേയും മറ്റു സ്ഥാവര ആസ്തികളുടേയും വില നിശ്ചയിക്കും. |
| ഭാഗം VI പൊതു ആസ്തി വിഭവങ്ങൾ | | | | |
| 8 | ആരാധനാലയം | 8.1 | ഭൂമിയുടേയും നിർമ്മിതിയുടേയും മൂല്യത്തെ കൂടാതെ സ്ഥലം മാറ്റുന്നതിന് വരുന്ന യഥാർത്ഥ ചെലവ് പരമാവധി ഒരു ലക്ഷം രൂപ വരെ നൽകും. | സംസ്ഥാനത്തിന്റെ R&R വ്യവസ്ഥകൾ |
| 9 | ആരാധനാലയങ്ങൾ, പൊതു സമൂഹത്തിന്റെ കെട്ടിടങ്ങൾ, നിർമ്മിതികൾ തുടങ്ങിയവക്ക് മേലുള്ള ആഘാതം. | 9.1 | സാധിക്കുമെങ്കിൽ സ്ഥലം മാറ്റുക അല്ലെങ്കിൽ പുനപ്രതിഷ്ഠിക്കുക അല്ലെങ്കിൽ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവിന് ധനം നഷ്ടപരിഹാരമായി നൽകും. | |
| 10. | ജല വിതരണം, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങൾ | 10.1 | സിവിൽ ജോലികൾ ആരംഭിക്കുന്നതിന് മുമ്പായി സ്ഥലം മാറ്റുകയും സേവനം പുനരാരംഭിക്കുകയും ചെയ്യും. | സിവിൽ ജോലികളുടെ ഷെഡ്യൂൾ അനുസരിച്ച് സിവിൽ ജോലികൾ തുടങ്ങുന്നതിന് മുമ്പായി സൗകര്യങ്ങൾ മാറ്റി സ്ഥാപിച്ചതായി PMU ഉറപ്പ് വരുത്തും. |
| ഭാഗം V മുൻകൂട്ടി കാണാത്ത ആഘാതങ്ങൾ<br>നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന മുൻകൂട്ടി കാണാത്ത ആഘാതങ്ങൾ RFCLAR&R 2013 / ലോക ബാങ്കിന്റെ സുരക്ഷാ വ്യവസ്ഥകൾ പ്രകാരം കൈകാര്യം ചെയ്യുന്നതാണ്. | | | | |


## 1.5 റോഡിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ ആളുകളെ എങ്ങനെ ബാധിക്കുന്നു.

ഈ ഭാഗത്തിൽ റോഡിനായി ഭൂമി ഏറ്റെടുക്കുമ്പോൾ എങ്ങനെ ഓരോ വ്യക്തികളെയും കുടുംബങ്ങളെയും ബാധിക്കുമെന്ന് അവരുടെ സാമൂഹിക സാമ്പത്തിക പശ്ചാത്തലം മുൻനിർത്തി, വിലയിരുത്താനും പ്രതികൂലമായി ബാധിച്ചവരെ പുനരധിവസിപ്പിക്കാനുമുള്ള പാക്കേജുകൾ വ്യക്തമാക്കും.

## റോഡ് 1– എടൂർ – പാലത്തുംകടവ് റോഡ്, കണ്ണൂർ ജില്ല

പദ്ധതി റോഡ് കണ്ണൂർ ജില്ലയിൽ എടൂരിൽ നിന്നും ആരംഭിച്ച് കമ്പനി നിരത്ത് ആനപ്പതി അങ്ങാടിക്കടവ്, വാണിയംപാറ, ചരൽ വളവുപാറ, കച്ചേരിക്കടവ് എന്നീ സ്ഥലങ്ങളിൽ കൂടി കടന്ന് പാലത്തും കടവിൽ അവസാനിക്കുന്നു. ഈ റോഡിന്റെ ദൈർഘ്യം 24.450 കി.മീ ആണ്.

### റോഡിന്റെ വിന്യാസം




### 2.1 ആളുകളെയും സ്വത്തുകളെയും ഈ പദ്ധതി എങ്ങനെ ബാധിച്ചു

പ്രാഥമിക സർവ്വേ പ്രകാരം 9 പ്രധാന പ്രദേശങ്ങളിൽ കൂടി കടന്നുപോകുന്ന ഈ പദ്ധതിക്ക് സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലം ഏറ്റെടുക്കുന്നില്ല. നിലവിലുള്ള സർക്കാർ ഭൂമി ഉപയോഗിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുന്നത്.

### 2.2 ഉടമസ്ഥാവകാശം ഇല്ലാത്തവർ

കുടിയാൻമാർ, കൈയ്യേറ്റക്കാർ, കടകളിലെ ജീവനക്കാർ എന്നീ ഉടമസ്ഥാവകാശമില്ലാത്തവരെയും ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ബാധിക്കുന്നില്ല.


## 2.3 റോഡ് 1–ലെ പുനരധിവാസത്തിനും മറ്റു സാമൂഹിക സുരക്ഷ പദ്ധതികൾക്കും വേണ്ടിയുള്ള പദ്ധതി ചെലവ്

| ക്രമനമ്പർ | ഇനം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | പൂർണ്ണമായും ബാധിച്ചിട്ടുള്ള നിർമ്മിതികൾക്കുള്ള തുക | 0.00 |
| 2. | കുടിയേറ്റക്കാരുടെ പുനരധിവാസത്തിനു വേണ്ടി വകയിരുത്തിയിട്ടുള്ള തുക | 0.00 |
| 3. | എച്ച്.ഐ.വി/എയ്ഡ്സ് റോഡ് സുരക്ഷ എന്നിവയുടെ ബോധവൽക്കരണത്തിനും സെമിനാറുകൾക്കും വേണ്ടിയുള്ള തുക | 5,00,000.00 |
| 4. | പദ്ധതി നടപ്പിലാക്കുന്ന റോഡിൽ സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കുന്നതിനു വേണ്ടി വകയിരുത്തിയിട്ടുള്ള തുക | 2,00,000.00 |
| 5. | പൊതു സ്ഥലങ്ങളിൽ കുടിവെള്ളം, ശൗചാലയം എന്നിവ നിർമ്മിക്കുന്നതിനുള്ള തുക | 10,00,000.00 |
| 6. | പരാതി പരിഹാര സംവിധാനത്തിനും മറ്റ് സാമൂഹിക സുരക്ഷാ പ്രവർത്തികൾക്കും വേണ്ടി വകയിരുത്തിയുള്ള തുക | 5,00,000.00 |
| | **ആകെ തുക** | **22,00,000.00** |

**റോഡ് 2 ഉരുവച്ചാൽ – മരുതായി റോഡ്, കണ്ണൂർ ജില്ല**

പദ്ധതി റോഡ് കണ്ണൂർ ജില്ലയിൽ ഉരുവച്ചാലിൽ നിന്നും ആരംഭിച്ച് മണക്കായി, വളയാർ, കീഴല്ലൂർ, തേരൂർ, പാലയോട്, വെള്ള പറമ്പ്, കരിമ്പാല കോളനി എന്നീ സ്ഥലങ്ങളിൽ കൂടി കടന്ന് മരുതായി റോഡിൽ അവസാനിക്കുന്നു. ഈ റോഡിന്റെ ദൈർഘ്യം 20.430 ആകുന്നു.

**റോഡിന്റെ വിന്യാസം**




### 3.1 ആളുകളെയും സ്വത്തുകളെയും ഈ പദ്ധതി എങ്ങനെ ബാധിച്ചു

പ്രാഥമിക സർവ്വേ പ്രകാരം 9 പ്രധാന പ്രദേശങ്ങളിൽ കൂടി കടന്നുപോകുന്ന ഈ പദ്ധതിക്ക് സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലം ഏറ്റെടുക്കുന്നില്ല. നിലവിലുള്ള സർക്കാർ ഭൂമി ഉപയോഗിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുന്നത്.

### 3.2 ഉടമസ്ഥാവകാശം ഇല്ലാത്തവർ

കുടിയാൻമാർ, കൈയ്യേറ്റക്കാർ, കടകളിലെ ജീവനക്കാർ എന്നീ ഉടമസ്ഥാവകാശമില്ലാത്തവരെയും ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ബാധിക്കുന്നില്ല.

### 2.4 റോഡ് 2–ലെ പുനരധിവാസത്തിനും മറ്റു സാമൂഹിക സുരക്ഷ പദ്ധതികൾക്കും വേണ്ടിയുള്ള പദ്ധതി ചെലവ്


| ക്രമനമ്പർ | ഇനം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | പൂർണ്ണമായും ബാധിച്ചിട്ടുള്ള നിർമ്മിതികൾക്കുള്ള തുക | 0.00 |
| 2. | കുടിയേറ്റക്കാരുടെ പുനരധിവാസത്തിനു വേണ്ടി വകയിരുത്തിയിട്ടുള്ള തുക | 0.00 |
| 3. | എച്ച.ഐ.വി/എയ്ഡ്സ് റോഡ് സുരക്ഷ എന്നിവ | 5,00,000.00 |

| | | |
|---|---|---|
| | യുടെ ബോധവൽക്കരണത്തിനും സെമിനാറു കൾക്കും വേണ്ടിയുള്ള തുക | |
| 4. | പദ്ധതി നടപ്പിലാക്കുന്ന റോഡിൽ സി.സി.റ്റി.വി ക്യാ മറ വയ്ക്കുന്നതിനു വേണ്ടി വകയിരുത്തിയിട്ടുള്ള തുക | 2,00,000.00 |
| 5. | പൊതു സ്ഥലങ്ങളിൽ കുടിവെള്ളം, ശൗചാലയം എന്നിവ നിർമ്മിക്കുന്നതിനുള്ള തുക | 10,00,000.00 |
| 6. | പരാതി പരിഹാര സംവിധാനത്തിനും മറ്റ് സാമൂഹിക സുരക്ഷാ പ്രവർത്തികൾക്കും വേണ്ടി വകയിരുത്തി യുള്ള തുക | 5,00,000.00 |
| | **ആകെ തുക** | **22,00,000.00** |

## റോഡ് 3 കുമ്പള – മുള്ളേരിയ റോഡ്, കാസർഗോഡ് ജില്ല

പദ്ധതി റോഡ് കാസർഗോഡ് ജില്ലയിൽ കുമ്പളയിൽ നിന്നും ആരംഭിച്ച് ശാന്തി പാല സീതംഗോളി, ദർബേത്ഡ്ക, കന്യാപടി, ബദിയഡുക്ക, മാവിനക്കട്ട, പെലത്തടി, നാറംപാടി എന്നീ സ്ഥലങ്ങളിൽ കൂടി കടന്ന് മുള്ളേരിയ എന്ന സ്ഥലത്ത് അവസാനിക്കുന്നു. ഈ റോഡിന്റെ ദൈർഘ്യം 29.55 കി.മി ആണ്.

### റോഡിന്റെ വിന്യാസം



### 4.1 ആളുകളെയും സ്വത്തുകളെയും ഈ പദ്ധതി എങ്ങനെ ബാധിച്ചു

പ്രാഥമിക സർവ്വേ പ്രകാരം 10 പ്രധാന പ്രദേശങ്ങളിൽ കൂടി കടന്നുപോകുന്ന ഈ പദ്ധതിക്ക് സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലം ഏറ്റെടുക്കുന്നില്ല. നിലവിലുള്ള സർക്കാർ ഭൂമി ഉപയോഗിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുന്നത്.

### 4.2 ജീവനോപാധികളുടെ നഷ്ടം

ഈ പദ്ധതി നടപ്പിലാക്കുന്നതു മൂലം റോഡിന്റെ വശത്ത് കച്ചവടം നടത്തുന്ന 6 വഴിയോര കച്ചവടക്കാരുടെ ഉപജീവനത്തെ ബാധിക്കും

### 2.5 റോഡ് 3–ലെ പുനരധിവാസത്തിനും മറ്റു സാമൂഹിക സുരക്ഷ പദ്ധതികൾക്കും വേണ്ടിയുള്ള പദ്ധതി ചെലവ്

| ക്രമനമ്പർ | ഇനം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | പൂർണ്ണമായും ബാധിച്ചിട്ടുള്ള നിർമ്മിതികൾക്കുള്ള തുക | 50,000.00 |
| 2. | കുടിയേറ്റക്കാരുടെ പുനരധിവാസത്തിനു വേണ്ടി വകയിരുത്തിയിട്ടുള്ള തുക | 1,80,000.00 |
| 3. | എച്ച്.ഐ.വി/എയ്ഡ്സ് റോഡ് സുരക്ഷ എന്നിവയുടെ ബോധവൽക്കരണത്തിനും സെമിനാറുകൾക്കും വേണ്ടിയുള്ള തുക | 5,00,000.00 |
| 4. | പൊതു സ്ഥലങ്ങളിൽ കുടിവെള്ളം, ശൗചാലയം എന്നിവ നിർമ്മിക്കുന്നതിനുള്ള തുക | 10,00,000.00 |
| 5. | പരാതി പരിഹാര സംവിധാനത്തിനും മറ്റ് സാമൂഹിക സുരക്ഷാ പ്രവർത്തികൾക്കും വേണ്ടി വകയിരുത്തിയുള്ള തുക | 5,00,000.00 |
| | **ആകെ തുക** | **22,30,000.00** |


**റോഡ് 4 കൊയിലാണ്ടി – എടവണ്ണ റോഡ്, കോഴിക്കോട് ജില്ല**

പദ്ധതി റോഡ് കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടിയിൽ നിന്നും ആരംഭിച്ച് ഉള്ളേരി, ബാലുശ്ശേരി, പൂനൂർ, കൂടത്തായി, ഓമശ്ശേരി, നീലേശ്വരം, അഗസ്ത്യമൂഴി, മുക്കം, തഴക്കോട്, കരുത്ത പറമ്പ, വലിയ പറമ്പ, കുളങ്ങര എന്നീ സ്ഥലങ്ങളിൽ കൂടി കടന്ന് എരഞ്ഞിമാവ് എന്ന സ്ഥലത്ത് അവസാനിക്കുന്നു.

ഈ പദ്ധതിക്ക് മൂന്ന് വിഭാഗങ്ങൾ ഉണ്ട്. ഒന്നാമത്തെ സ്രെച്ച് കൊയിലാണ്ടി മുതൽ പൂനൂർ വരെയും (25.00 കി. മി) രണ്ടാമത്തെ സ്രെച്ച് പൂനൂർ മുതൽ ഓമശ്ശേരി വരെയും (12.50 കി. മി) മൂന്നാമത്തെ സ്രെച്ച് ഓമശ്ശേരി മുതൽ എരഞ്ഞിമാവ് വരെയും (13.700 കി.മി) ആകുന്നു. ഈ റോഡിന്റെ ആകെ ദൈർഘ്യം 52.500 കി.മീ.

## റോഡിന്റെ വിന്യാസം


### കൊയിലാണ്ടി മുതൽ പൂനൂർ വരെ




### പൂനൂർ മുതൽ ഓമശ്ശേരി വരെ



**ഓമശ്ശേരി മുതൽ എരഞ്ഞിമാവ് വരെ**




## 5.1 ആളുകളെയും സ്വത്തുകളെയും ഈ പദ്ധതി എങ്ങനെ ബാധിച്ചു

പ്രാഥമിക സർവ്വേ പ്രകാരം 10 പ്രധാന പ്രദേശങ്ങളിൽ കൂടി കടന്നുപോകുന്ന ഈ പദ്ധതിക്ക് സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലം ഏറ്റെടുക്കുന്നില്ല. നിലവിലുള്ള സർക്കാർ ഭൂമി ഉപയോഗിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുന്നത്.

## 5.2 ജീവനോപാധികളുടെ നഷ്ടം

ഈ പദ്ധതി നടപ്പിലാക്കുന്നതു മൂലം റോഡിന്റെ വശത്ത് കച്ചവടം നടത്തുന്ന 3 വഴിയോര കച്ചവടക്കാരുടെ ഉപജീവനത്തെ ബാധിക്കും

## 2.6 റോഡ് 4–ലെ പുനരധിവാസത്തിനും മറ്റു സാമൂഹിക സുരക്ഷ പദ്ധതികൾക്കും വേണ്ടിയുള്ള പദ്ധതി ചെലവ്


| ക്രമനമ്പർ | ഇനം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | പൂർണ്ണമായും ബാധിച്ചിട്ടുള്ള നിർമ്മിതികൾക്കുള്ള തുക | 30,000.00 |
| 2. | കുടിയേറ്റക്കാരുടെ പുനരധിവാസത്തിനു വേണ്ടി | 30,000.00 |

| | | |
|---|---|---|
| | വകയിരുത്തിയിട്ടുള്ള തുക | |
| 3. | എച്ച്.ഐ.വി/എയ്ഡ്സ് റോഡ് സുരക്ഷ എന്നിവ യുടെ ബോധവൽക്കരണത്തിനും സെമിനാറു കൾക്കും വേണ്ടിയുള്ള തുക | 10,00,000.00 |
| 4. | പദ്ധതി നടപ്പിലാക്കുന്ന റോഡിൽ സി.സി.റ്റി.വി ക്യാ മറ വയ്ക്കുന്നതിനു വേണ്ടി വകയിരുത്തിയിട്ടുള്ള തുക | 15,00,000.00 |
| 5. | പൊതു സ്ഥലങ്ങളിൽ കുടിവെള്ളം, ശൗചാലയം എന്നിവ നിർമ്മിക്കുന്നതിനുള്ള തുക | 10,00,000.00 |
| 6. | പരാതി പരിഹാര സംവിധാനത്തിനും മറ്റ് സാമൂഹിക സുരക്ഷാ പ്രവർത്തികൾക്കും വേണ്ടി വകയിരുത്തി യുള്ള തുക | 5,00,000.00 |
| | **ആകെ തുക** | **40,60,000.00** |

## റോഡ് 5 വൈത്തിരി – തരുവണ്ണ റോഡ്, വയനാട് ജില്ല

പദ്ധതി റോഡ് വയനാട് ജില്ലയിൽ വൈത്തിരിയിൽ നിന്നും ആരംഭിച്ച് പെരിങ്ങോട്, പൊഴുതന, ആറാം മൈൽ, പടിഞ്ഞാറെതറ എന്നീ സ്ഥലങ്ങളിൽ കൂടി കടന്ന് തരുവണ്ണ എന്ന സ്ഥലത്ത് അവസാനിക്കുന്നു. ഈ റോഡിന്റെ ദൈർഘ്യം 22.20 കി.മീ ആണ്.

### റോഡിന്റെ വിന്യാസം



### 6.1 ആളുകളെയും സ്വത്തുകളെയും ഈ പദ്ധതി എങ്ങനെ ബാധിച്ചു

പ്രാഥമിക സർവ്വേ പ്രകാരം 10 പ്രധാന പ്രദേശങ്ങളിൽ കൂടി കടന്നുപോകുന്ന ഈ പദ്ധതിക്ക് സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലം ഏറ്റെടുക്കുന്നില്ല. നിലവിലുള്ള സർക്കാർ ഭൂമി ഉപയോഗിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുന്നത്.

### 6.2 ജീവനോപാധികളുടെ നഷ്ടം

ഈ പദ്ധതി നടപ്പിലാക്കുന്നതു മൂലം 1 കൈയ്യേറ്റക്കാരനേയും, റോഡിന്റെ വശത്ത് കച്ചവടം നടത്തുന്ന 7 വഴിയോര കച്ചവടക്കാരുടെയും ഉപജീവനത്തെ സാധിക്കുന്നു.

### 2.7 റോഡ് 5–ലെ പുനരധിവാസത്തിനും മറ്റു സാമൂഹിക സുരക്ഷ പദ്ധതികൾക്കും വേണ്ടിയുള്ള പദ്ധതി ചെലവ്

| ക്രമനമ്പർ | ഇനം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | പൂർണ്ണമായും ബാധിച്ചിട്ടുള്ള നിർമ്മിതികൾക്കുള്ള തുക | 2,00,000.00 |
| 2. | കുടിയേറ്റക്കാരുടെ പുനരധിവാസത്തിനു വേണ്ടി വകയിരുത്തിയിട്ടുള്ള തുക | 2,10,000.00 |
| 3. | എച്ച്.ഐ.വി/എയ്ഡ്സ് റോഡ് സുരക്ഷ എന്നിവയുടെ ബോധവൽക്കരണത്തിനും സെമിനാറുകൾക്കും വേണ്ടിയുള്ള തുക | 5,00,000.00 |
| 4. | പദ്ധതി നടപ്പിലാക്കുന്ന റോഡിൽ സി.സി.റ്റി.വി ക്യാമറ വയ്ക്കുന്നതിനു വേണ്ടി വകയിരുത്തിയിട്ടുള്ള തുക | 2,00,000.00 |
| 5. | പൊതു സ്ഥലങ്ങളിൽ കുടിവെള്ളം, ശൗചാലയം എന്നിവ നിർമ്മിക്കുന്നതിനുള്ള തുക | 10,00,000.00 |
| 6. | പരാതി പരിഹാര സംവിധാനത്തിനും മറ്റ് സാമൂഹിക സുരക്ഷാ പ്രവർത്തികൾക്കും വേണ്ടി വകയിരുത്തിയുള്ള തുക | 5,00,000.00 |
| | **ആകെ തുക** | **26,10,000.00** |

### 7.1 ഭൂമി ഏറ്റെടുക്കൽ പ്രക്രിയയുടെ ആരംഭം

ചട്ടങ്ങൾ അനുസരിച്ച് റവന്യൂ ഭൂമി ഔപചാരികമായി ഏറ്റെടുക്കും.

- ആവശ്യമുള്ള ഭൂമി ഏറ്റെടുക്കൽ

  Right to Fair Compensation and Transparency in Land Acqusition, Resettlement and Rehabilitation Act (RFCTLAR&R) 2013അനുസരിച്ച്, കേരള സംസ്ഥാന സർക്കാർ നടപ്പാക്കിയ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ഫോർമാറ്റുകളിൽ, KSTP (കെഎസ്ടിപി) അതത് ജില്ലകളിലെ റവന്യൂ അതോറിറ്റികൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കും. ഈ ഫോർമാറ്റുകളിൽ സ്ട്രിപ്പ് മാപ്പുകളും ഭൂവിസ്തൃയുടെ വിശദാംശങ്ങളും ഉൾപ്പെടും.

- R&R നായി "അഡ്മിനിസ്ട്രേറ്റർ" നിയമനം

  2013 ലെ ഭൂമി ഏറ്റെടുക്കലുംപുനരധിവാസവും ആക്ട് (RFCTLAR&Rആക്ട് 2013), സെക്ഷൻ 2 അനുസരിച്ച് കേരള സർക്കാർ മറ്റ് ആവശ്യമുള്ള സ്ഥാപനങ്ങൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കും. RFCTLAR&Rആക്ട് 2013 ലെ സെക്ഷൻ 43 അനുസരിച് പുനരധിവാസത്തിനും ഒത്തുതീർപ്പാക്കാനും അഡ്മിനിസ്ട്രേറ്ററായി നിയമിതനായ ഒരു ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കും. അഡ്മിനിസ്ട്രേറ്റർ ആയി കളക്ടർ, അഡീഷണൽ കളക്ടർ അല്ലെങ്കിൽ ഡെപ്യൂട്ടി കളക്ടർ അല്ലെങ്കിൽ തത്തുല്യ റാങ്കിലുള്ള മറ്റേതെങ്കിലും ഉദ്യോഗസ്ഥനെ നിയമിക്കും.

- അവാർഡ് നോട്ടിഫിക്കേഷനും ഡിക്ലറേഷനും തയ്യാറാക്കൽ

  അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ, 2013 ലെ സംസ്ഥാന നിയമങ്ങളിൽ സ്ഥാപിച്ചിട്ടുള്ള നടപടിക്രമങ്ങൾ പ്രകാരം ഒഴിവാക്കിയിട്ടില്ലെങ്കിൽ, ബന്ധപ്പെട്ട സംസ്ഥാന സർക്കാർ RFCTLAR&Rആക്ട് 2013 ലെ അദ്ധ്യായം 2 അനുസരിച്ച് ഒരു സാമൂഹിക ആഘാതം വിലയിരുത്തൽ നടത്തും. വിലയിരുത്തൽ പൂർത്തിയാകുമ്പോൾ, ബന്ധപ്പെട്ട സർക്കാർ നിയോഗിച്ച അഡ്മിനിസ്ട്രേറ്റർ പ്രാഥമിക വിജ്ഞാപനങ്ങൾ (വകുപ്പ് 11 (1) അനുസരിച്ച്), ഭൂമി ഏറ്റെടുക്കുന്നതിനായി (വകുപ്പ് 19 (1) പ്രകാരം) നൽകും. RFCTLAR&Rആക്ട് 2013 26, 27, 28, 29, 30 സെക്ഷൻ പ്രകാരം ബന്ധപ്പെട്ട സംസ്ഥാന സർക്കാർ രൂപപ്പെടുത്തിയ ചട്ടങ്ങൾ അനുസരിച്ച് ജില്ലാ ഭരണകൂടം ഒരു പട്ടിക തയ്യാറാക്കുന്നു. ബാധിച്ച ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായ ശേഷം ജില്ലാ ഭരണകൂടം നടത്തിയ സെൻസസ്, സർവേ എന്നിവയുടെ അടിസ്ഥാനത്തിലാണ് ഗവേഷണ-വികസന അവാർഡ് പട്ടികയും പദ്ധതിയും തയ്യാറാക്കുന്നത്. ആർ & ആർ സ്കീമും അവാർഡും സംസ്ഥാനത്തിനായി നിയോഗിച്ച ആർ & ആർ കമ്മീഷണർക്ക് അയയ്ക്കുന്നു. പദ്ധതിയിൽ സംസ്ഥാന സർക്കാർ സംതൃപ്തനാണെങ്കിൽ, വകുപ്പ് 19 (1) അനുസരിച്ച് ജില്ലാ ഭരണകൂടത്തിന് പ്രഖ്യാപനം നൽകാം. ഭൂമി ആവശ്യമുള്ള സ്ഥാപനം പ്രഖ്യാപനത്തിന് മുമ്പായി നഷ്ടപരിഹാര തുക നിക്ഷേപിക്കാൻ ബാധ്യസ്ഥരാണ്.

## 7.2 പദ്ധതി ബാധിത പ്രദേശങ്ങളുടെ മൂല്യനിർണ്ണയ രീതി

RFCTLAR&Rആക്ട് ലെ ഒന്നാം ഷെഡ്യൂൾ, സെക്ഷൻ 26, 27, 28, 29, 30 എന്നിവയിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനുള്ള മൂല്യനിർണ്ണയ രീതിയും അടിസ്ഥാനവും നടത്തും.

ഭൂമിക്കും ഘടനകൾക്കും മരങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള മൂല്യനിർണ്ണയ രീതി ചുവടെ നൽകിയിരിക്കുന്നു.

- ഭൂമിയുടെ മൂല്യനിർണ്ണയം 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമ പ്രകാരം ഭൂമി ഏറ്റെടുക്കും. കൂടാതെ RFCTLAR&Rആക്ട് 2013 ലെ സെക്ഷൻ 26, സെക്ഷൻ 27, സെക്ഷൻ 28, സെക്ഷൻ 29, സെക്ഷൻ 30 പ്രകാരമാണ് ഭൂമിയുടെ നഷ്ടപരിഹാരം നിർണ്ണയിക്കുന്നത്. നഷ്ടപരിഹാരത്തിൽ ഭൂമിയുടെ മൂല്യം മാർഗ്ഗനിർദ്ദേശ മൂല്യത്തേക്കാൾ 1.25-1.75 മടങ്ങ് ഗുണിത സംഖ്യയായിരിക്കും അല്ലെങ്കിൽ കഴിഞ്ഞ 3 വർഷമായി നടന്ന വിൽപ്പനയുടെ 50% ആധാരങ്ങളിൽ പറയുന്ന ശരാശരി അല്ലെങ്കിൽ പിപിപി അല്ലെങ്കിൽ സ്വകാര്യ പ്രോജക്ടുകൾക്ക് പൊതു സമ്മതപ്രകാരം നിശ്ചയിച്ച നിരക്കുകൾ എന്നിവ ഉൾപ്പെടുന്നു. കൂടാതെ, സ്വമേധയാ ഭൂമി ഏറ്റെടുക്കുന്നതിന് 100% സമാശ്വാസം ചേർക്കും. ഏറ്റെടുത്ത ശേഷം ശേഷിക്കുന്ന ഭൂമി ഉപയോഗയോഗ്യമല്ലെങ്കിൽ അത്തരം ഭൂമിയുടെ/സ്വത്തിന്റെ ഉടമയ്ക്ക് അയാളുടെ തുടർച്ചയായ കൈവശമുള്ള സ്വത്ത് മുഴുവൻ ഏറ്റെടുക്കാൻ ആവശ്യപ്പെടാം.
- നിർമ്മിതികളുടെ മൂല്യനിർണ്ണയം വീടുകളുടെയും കെട്ടിടങ്ങളുടെയും മറ്റ് സ്ഥാവര വസ്തുക്കളുടെയും മാറ്റിസ്ഥാപിക്കൽ മൂല്യം ഏറ്റവും പുതിയ പിഡബ്ല്യൂഡി റേറ്റ് ഷെഡ്യൂളിന്റെ ($S_OR$) അടിസ്ഥാനത്തിൽ മൂല്യശോഷണമില്ലാതെ നിർണ്ണയിക്കപ്പെടും, കൂടാതെ നിർമ്മിതി നഷ്ടപരിഹാരത്തിൽ 100% സമാശ്വാസം ചേർക്കുകയും ചെയ്യും. പിഡബ്ല്യൂഡി $S_OR$ നിരക്ക് പരിഗണിക്കുമ്പോൾ, മേഖലയിലെ നഗര-ഗ്രാമ പ്രദേശങ്ങളിലെ വാസയോഗ്യവും വാണിജ്യപരവുമായ നിർമ്മിതികൾക്കായി ഏറ്റവും പുതിയ $S_OR$ ഉപയോഗിക്കുന്നുവെന്ന് പി ഐ യു (PIU) ഉറപ്പാക്കും. നിലവിലെ സാമ്പത്തിക വർഷത്തേക്കുള്ള $S_OR$ ലഭ്യമല്ലാത്ത ഇടങ്ങളിൽ, അംഗീകൃത മുനവർഷത്തെ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ Project Implementation Unit (PIU) നിലവിലെ വിലകളിലേക്ക് $S_OR$ അപ്ഡേറ്റ് ചെയ്യും. സമുദായങ്ങളുടെയോ പൊതു ആരാധനാലയങ്ങളിലോ ഭൂമി ഏറ്റെടുമ്പോൾ പുതിയ സ്ഥലങ്ങളിൽ ഇത് പുനർ നിർമ്മിക്കാൻ പ്രാപ്തമാക്കുന്നതിനും നഷ്ടപരിഹാര തുക കൃത്യമായി വിനിയോഗിക്കുന്നുവെന്നും പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളായ ഗ്രാമ പഞ്ചായത്ത്/വില്ലേജ് കൗൺസിൽ ഉറപ്പാക്കും. കൂടാതെ, എല്ലാ നഷ്ടപരിഹാരവും സഹായവും പദ്ധതി ബാധിച്ച ആളുകൾക്ക് സ്വത്ത് കൈമാറ്റം ചെയ്യുന്നതിനോ മാറുന്നതിനോ കുറഞ്ഞത് ഒരു മാസം മുമ്പെങ്കിലും നൽകും.
- മരങ്ങളുടെ മൂല്യനിർണ്ണയം – മരങ്ങളുടെ വിപണി മൂല്യത്തെ അടിസ്ഥാനമാക്കിയുള്ളതായിരിക്കും നഷ്ടപരിഹാരം. തടിയുള്ള മരങ്ങൾക്ക് അവ പകരം വെക്കുന്നതിനും വിളനാശത്തിനും നഷ്ടപരിഹാരം നൽകും, ഫലം കായ്ക്കുന്ന മരങ്ങൾക്ക് വനം, കൃഷി, ഹോർട്ടികൾച്ചർ വകുപ്പുകളുമായി കൂടിയാലോചിച്ച്

തീരുമാനിക്കും. ഫലം കായ്ക്കുന്ന മരങ്ങളുടെ മൂല്യനിർണ്ണയം അത്തരം വൃക്ഷങ്ങളുടെ ഉൽപാദന പ്രായം കണക്കിലെടുത്താകും. LARR ആക്ട് 2013 ലെ വ്യവസ്ഥ അനുസരിച്ച് വൃക്ഷങ്ങളുടെ മൂല്യ നിർണ്ണയ മൂല്യത്തിലേക്ക് 100% സമാശ്വാസം ചേർക്കും. ഭൂമിയോ സ്വത്തുക്കളോ കൈവശപ്പെടുത്തുന്ന തിനു മുമ്പ്, നഷ്ടപരിഹാരം പൂർണമായി അടയ്ക്കുകയും നഷ്ടപരിഹാരം നൽകുന്ന തീയതി മുതൽ 1 മാസത്തിനുള്ളിൽ വിളകൾ/മരങ്ങളുടെ വിളവെടുക്കാൻ ഉടമസ്ഥർക്ക് അവസരമുണ്ട്. സർക്കാരിന്റെ ഉടമ സ്ഥതയിലുള്ള ഭൂമിയിലുള്ള മരങ്ങൾ നിലവിലുള്ള പ്രക്രിയയിലൂടെ ബന്ധപ്പെട്ട റവന്യൂ/വനംവകുപ്പ് നീക്കം ചെയ്യും.

നഷ്ടപരിഹാര വിതരണ പ്രക്രിയ

വികസന പദ്ധതിക്ക് ഉചിതമായ സർക്കാർ അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ, ബാധിത പ്രദേശത്തെ ക്യാമ്പു കളിലൂടെ ഭൂമി, മരങ്ങൾ, ഘടനകൾ എന്നിവ നഷ്ടപ്പെടുന്ന ഉടമസ്ഥർക്ക് ജില്ലാ ഭരണകൂടം നോട്ടീസ് നൽകുന്നു. സഹായങ്ങളുടെയും നഷ്ടപരിഹാരത്തിന്റെയും വിതരണം ക്യാമ്പുകളിലോ ജില്ലാ അഡ്മിനി സ്ട്രേഷൻ ഓഫീസിലോ ആകാം. അവിടെ ഉടമസ്ഥരുടെ ഡോക്യുമെന്റുകൾ പരിശോധിക്കുകയും സഹായങ്ങളും നഷ്ടപരിഹാരങ്ങളും ചെക്കുകളായി നൽകുകയോ വ്യക്തിഗത അക്കൗണ്ടുകളിൽ വിക്ഷേ പിക്കുകയോ ചെയ്യുന്നു. എല്ലാ പണവിതരണങ്ങളും പൂർത്തീകരിച്ചു കഴിഞ്ഞിട്ടു മാത്രമേ കളക്ടർ ഭൂമി കൈവശപ്പെടുത്തുകയുള്ളൂ. RFCTLAR&Rആക്ട് 2013 ലെ സെക്ഷൻ 37 അനുസരിച്ച് സ്ഥാനമാറ്റ ത്തിനു മുൻപ് പുനരധിവാസവും പുനരധിവാസ പ്രക്രിയയും പൂർത്തിയായിട്ടുണ്ടെന്ന് ഉറപ്പ് വരുത്തോണ്ട ചുമതല കളക്ടർക്കാണ്.

ആർ & ആർ അഡ്മിനിസ്ട്രേറ്റർ

RFCTLAR&Rആക്ട് 2013 ലെ സെക്ഷൻ 43 പ്രകാരം അഡീഷണൽ കളക്ടർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനേ ആർ & ആർ അഡ്മിനിസ്ട്രേറ്ററായി നിയമിക്കൂ. ഉടമസ്ഥർ (ടൈറ്റിൽഹോൾഡർമാർക്ക്) ക്കായി ആർ & ആർ സ്കീം/ പുനരധിവാസ പദ്ധതി രൂപീകരിക്കുക, നടപ്പിലാക്കുക, നിരീക്ഷിക്കുക എന്നിവ ആർ & ആർ അഡ്മിനിസ്ട്രേറ്ററുടെ ഉത്തരവാദിത്വമായിരിക്കും. (ഭൂരഹിതരുടെ ഉപജീവനമാർഗ്ഗ ങ്ങൾ പരിശോധിക്കുകയും സഹായങ്ങളും നഷ്ടപരിഹാരവും നൽകുന്നത് പ്രാഥമികമായി ഏറ്റെടു ക്കുന്ന ഭൂമിയെ ആശ്രയിച്ചിരിക്കും.

പുനഃസ്ഥാപന പുനരധിവാസ അവാർഡുകൾ

RFCTLAR&Rആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി യോഗ്യതയുള്ള അതോറിറ്റി ഒരു പുനഃരധി വാസ റീസെറ്റിൽമെന്റ് (ആർ& ആർ) അവാർഡ് നൽകും. ആർ & ആർ സഹായത്തിന് അർഹരായ എല്ലാ ഉടമസ്ഥരേയും നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം യോഗ്യമായ സഹായത്തിന്റെ വിശദാംശങ്ങൾ അറി യിക്കും. കരട് ലിസ്റ്റിൽ സഹായത്തിന്റെ സ്വഭാവത്തിലും അളവിലും പൊരുത്തക്കേടുകളോ എതിർപ്പു കളോ എന്തെങ്കിലും ഉണ്ടെങ്കിൽ കുറഞ്ഞത് 15 ദിവസത്തിനുള്ളിൽ അറിയിക്കണം. എതിർപ്പുകൾ ഉണ്ടെ ങ്കിൽ അവ അന്തിമ പട്ടികയിൽ അറിയിക്കും. അതുപോലെ ബാധിതരായ ഉടമകളല്ലാത്തവരുടെ പട്ടികയും ആർ & ആർ സഹായത്തിന്റെ വിശദാംശങ്ങൾക്കൊപ്പം അറിയിക്കുകയും പ്രത്യേക ആർ & ആർ അവാർഡ് അന്വേഷണം നടത്തുകയും ചെയ്യും.

പുനരധിവാസ അവാർഡ് പ്രക്രിയ

അഡീഷണൽ കളക്ടർ (ആർ & ആർ അഡ്മിനിസ്ട്രേറ്റർ) പ്രോജക്ട് ഏരിയായിൽ അധികാര പരിധിയിലുളള പ്രദേശങ്ങളിൽ ആർ & ആർ അവാർഡ് അന്വേഷണം നടത്തുകയും ബന്ധപ്പെട്ട എല്ലാ പദ്ധതിബാധിത ആളുകൾക്കും മുൻകൂട്ടി അറിയിപ്പ് അയയ്ക്കുകയും ചെയ്യും. ആർ & ആർ അവാർഡ് അന്വേഷണത്തിനിടയിൽ സാമൂഹിക സർവ്വേയും രേഖപ്പെടുത്തിയിരിക്കുന്ന നഷ്ടം, കാലാവധി എന്നിവയെക്കുറിച്ച് ഓരോ പദ്ധതി ബാധിതരെയും അറിയിക്കുകയും പരിശോധിക്കുകയും ചെയ്യും. കൂടാതെ വ്യവസ്ഥകൾ അനുസരിച്ച് പദ്ധതി ബാധിച്ച ആളുകൾക്ക് ലഭിക്കുന്ന അവകാശങ്ങൾ കേൾക്കാൻ അവസരം നൽകുകയും ആശങ്കകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുകയും ചെയ്യും. ആർ & ആർ നടപടികൾ റെക്കോർഡ് ചെയ്യുകയും ആർ & ആർ അവാർഡിന്റെ പകർപ്പ് പദ്ധതി ബാധിച്ച ആളുകൾക്ക് നൽകുകയും ചെയ്യും.

പി എം യുവിൽ സോഷ്യൽ മാനേജ്മെന്റിനായി നടപ്പാക്കാനുളള ക്രമീകരണം.

KSTP ക്കുളളിൽ സ്ഥാപിതമായ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി എം യു) ആണ് പദ്ധതി നടപ്പാക്കലിന് നേതൃത്വം നൽകുന്നത്. പി എം യു മേധാവിയായ സംസ്ഥാന പ്രോജക്ട് ഡയറക്ടർ, ചീഫ് എഞ്ചിനിയർ ,സുപ്രണ്ടിംഗ് എഞ്ചിനിയർ, എക്സിക്യൂട്ടീവ് എഞ്ചിനിയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, അസിസ്റ്റന്റ് എഞ്ചിനിയർമാർ തുടങ്ങിയവർ സാങ്കേതിക ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിന് സഹായിക്കുന്നു. പാരിസ്ഥിതികവും സാമൂഹികവുമായ സുരക്ഷാ നടപടികൾ നടപ്പിലാക്കുന്നതിന്റെ മൊത്തത്തിലുള്ള ഏകോപനത്തിനും നിരീക്ഷണത്തിനും വേണ്ടി പി.എം.യു വിലെ സാമൂഹിക വികസന സെപ്ഷ്യലിസ്റ്റും പരിസ്ഥിതി സെപ്ഷ്യലിസ്റ്റും ഉത്തരവാദികളാണ്. സാമൂഹിക ആഘാത വിലയിരുത്താൽ/ പുനാരധിവാസ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഫീൽഡ് ലെവൽ പ്രവർത്തനങ്ങൾ ഡിവിഷണൽ ഓഫീസിലെ ചുമതലയുള്ള ഫീൽഡ് ഓഫീസർമാരുടെ സഹായത്തോടെ ഏകോപിപ്പിക്കും.

റീ സെറ്റിൽമെന്റ് ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന് ഈ രംഗത്ത് മതിയായ സ്റ്റാഫുകളുടെ പിന്തുണ ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. അത്തരം ആവശ്യങ്ങൾക്കായി ഗവൺമെന്റിന്റെ അംഗീകൃത പട്ടികയിൽ നിന്ന് പരിചയ സമ്പന്നരായ എൻ.ജി.ഒ കളെ ഉൾപ്പെടുത്തുന്നത് പരിഗണിക്കും.